# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 685 — 24/01/2018-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി നടപ്പിലാക്കിയ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ**<br>**,, സണ്ണി ജോസഫ്**<br>**,, വി.ടി.ബൽറാം**<br>**,, അൻവർ സാദത്ത്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | വിവരസാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തി വൈദ്യുതി മേഖലയിൽ കെ.എസ്.ഇ.ബി കഴിഞ്ഞവർഷം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വൈദ്യുതി മേഖലയിൽ കെ.എസ്.ഇ.ബി കഴിഞ്ഞ വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.<br>2. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ് മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി.<br>3. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്ന പദ്ധതി.<br>4. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ (സി.ഡി.എം) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന പദ്ധതി.<br>5. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി.<br>6. പുതിയ കണക്ഷനു വേണ്ടി ഉപഭോക്താക്കളിൽ നിന്നു ഓൺ ലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള |

| | | |
|---|---|---|
| | | സംവിധാനം.<br>7. ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അപകടങ്ങളും മറ്റു അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനവുമായി ബന്ധപ്പെടാൻ വേണ്ടി 1912 എന്ന ടോൾഫ്രീ നമ്പർ സംവിധാനം.<br>8. പേ.റ്റി.എം (പേ ത്രൂ മൊബൈൽ) എന്ന ഇ-വാലറ്റ് വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.<br>9. അപ്പാ സി.എസ്.സി എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.<br>10 WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.<br>11. സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ് വെയർ മുഖേന വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും, സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും അതാത് ഓഫീസുകളിലും, ഉന്നത ഓഫീസുകളിലും വിലയിരുത്തി തുടർ നടപടി കൈക്കൊള്ളാനും അപകട സാധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർ നടപടിക്ക് ആരംഭം കുറിയ്ക്കാനുമുള്ള സംവിധാനം.<br>12. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി-യിലേക്ക് വരവ് വെയ്ക്കുന്ന എൻ.എ.സി.എച്ച് പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേയ്മെന്റ് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.<br>13. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്. ഇ.ബി' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിച്ചു. |
| (ബി) | വൈദ്യുതി ഉൽപ്പാദനമേഖലയിൽ കെ.എസ്.ഇ.ബി ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്; അതിന്റെ നിലവിലുള്ള അവസ്ഥ വിശദീകരിക്കുമോ ; | (ബി) | വൈദ്യുതി ഉൽപ്പാദനമേഖലയിൽ കെ.എസ്.ഇ.ബി.എൽ ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങളും നിലവിലുള്ള അവസ്ഥയും അനുബന്ധം (I),(II) ആയി ചേർക്കുന്നു. |
| (സി) | അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ; | (സി) | ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കെതിരായി ചില ആശങ്കകൾ ഉയർത്തിക്കൊണ്ട് ചില പരിസ്ഥിതി സംഘടനകളും പ്രക്ഷോഭരംഗത്തുണ്ട്. ഇത്തരം ആശങ്കകൾ അകറ്റി സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | സംസ്ഥാനത്തെ പല മേഖലകളിലും, പ്രത്യേകിച്ച് പല ആദിവാസി മേഖലകളിലും വൈദ്യുതി എത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തുള്ള വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ചില ആദിവാസി ഊരുകളിൽ ഫോറസ്റ്റ് അധികൃതരിൽ നിന്നുള്ള അനുമതി ലഭിക്കാതിരുന്നത് കാരണവും മറ്റ് ചില തടസ്സങ്ങൾ കാരണവും വൈദ്യുതി എത്തിക്കാൻ സാധിക്കാതിരുന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ സോളാർ പദ്ധതിയിലൂടെ വൈദ്യുതി ലഭിക്കാൻ ശ്രമിച്ചെങ്കിലും സോളാറിനോട് ഗുണഭോക്താക്കൾക്കുള്ള എതിർപ്പുകാരണം വൈദ്യുതി എത്തിക്കാൻ സാധിച്ചില്ല. |
| (ഇ) | ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ ഒറ്റപ്പെട്ട രണ്ടായിരത്തോളം വീടുകളെ സൗ | (ഇ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനകം ഇടുക്കി |

| | | | |
|---|---|---|---|
| | രോർജ്ജം ഉപയോഗിച്ച് വൈദ്യു തീകരിക്കും എന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാ ക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കുന്നതിന് അടിയന്തര മായി നടപടി സ്വീകരിക്കുമോ; | | ജില്ലയിൽ 1625 വീടുകളും പാലക്കാട് ജില്ലയിൽ 681 വീടുകളും, വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ സംവിധാനം വഴി വൈദ്യുതീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (I).**

**നിർമ്മാണം നടന്നുവരുന്ന പദ്ധതികൾ**

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (M.W) | ഉൽപ്പാദന ശേഷി (MU) | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|
| 1 | കക്കയം | 3 | 10.39 | 98% പണി പൂർത്തിയായി |
| 2 | ഭൂതത്താൻകെട്ട്. | 24 | 83.5 | 62.6% പണി പൂർത്തിയായി |
| 3 | പൊരിങ്ങൽക്കുത്ത് SHEP | 24 | 45.02 | 69.7% പണി പൂർത്തിയായി |
| 4 | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 | 60% പണി പൂർത്തിയായി |
| 5 | അപ്പർ കല്ലാർ | 2 | 5.14 | 15% പണി പൂർത്തിയായി |
| 6 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 | 75% പൂർത്തിയായി ബാക്കി ജോലികൾക്കുള്ള വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |
| 7 | തോട്ടിയാർ | 40 | 99 | 39.10% പൂർത്തിയായി ബാക്കി ജോലികൾക്കുള്ള വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |
| 8 | ചാത്തൻ കോട്ടുനട II | 6 | 14.76 | 21% പണി പൂർത്തിയായി |
| 9 | പഴശ്ശിസാഗർ | 7.5 | 25.16 | പ്രാരംഭ പണികൾ തുടങ്ങി. |
| ആകെ | | 166.5 | 521.87 | |

സെക്രട്ടറി

അനുബന്ധം (II).

## സംസ്ഥാനത്ത് നടപ്പിലാക്കുവാനായി ആവിഷ്കരിച്ചിരിക്കുന്ന പുതിയ ജലവൈദ്യുത പദ്ധതികൾ.

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉൽപ്പാദന ശേഷി (MU) | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|
| 1 | പെരുവണ്ണാമുഴി | 6 | 24.7 | ടെണ്ടർ ചെയ്തു |
| 2 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 | |
| 3 | ചിന്നാർ | 24 | 76.45 | |
| 4 | അപ്പർ ചെങ്കുളം | 24 | 53.22 | സർവ്വേയും ഭൂമിഏറ്റെടുക്കൽ നടപടിയും പുരോഗമിക്കുന്നു |
| 5 | ലാഡ്രം | 3.5 | 12.13 | |
| 6 | ഒലിക്കൽ | 5 | 10.26 | |
| 7 | പൂവാരംതോട് | 3 | 5.88 | |
| 8 | മാർമ്മല | 7 | 23.02 | |
| 9 | ചെമ്പുകടവ്-III | 7.5 | 17.715 | |
| 10 | മാങ്കുളം | 40 | 82 | |
| 11 | പീച്ചാട് | 3 | 7.74 | |
| 12 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | |
| 13 | മരിപ്പുഴ | 6 | 14.84 | |
| 14 | വാളാംതോട് | 7.5 | 15.291 | |
| 15 | ആനക്കയം | 7.5 | 22.83 | NTCA യുടെ പുതുക്കിയ ക്ലിയറൻസ് കിട്ടാനുണ്ട്. |
| ആകെ | | 149 | 384.18 | |

സെക്ഷൻ ഓഫീസർ